File No.TCPCTP/872/2021-C3

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം - സാങ്കേതികവിഭാഗം - പത്തനംതിട്ട ജില്ല - തിരുവല്ല നഗരസഭ തിരുവല്ല വില്ലേജ് - കോളേജ്, പള്ളി, സഭ ഓഫീസ് നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പത്തനംതിട്ട ടൗൺ പ്ലാനറുടെ 23/03/21 ലെ TCPPTA/138/2021-C നമ്പർ കത്ത്.

2. റവ.കെജി.ജോസഫ്, സഭാ സെക്രട്ടറി, മലങ്കര മാർത്തോമാ സിറിയൻ ചർച്ച്, മലങ്കര സഭാ ഓഫീസ്, തിരുവല്ലയുടെ 17/03/21 ലെ അപേക്ഷ.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ്. നം. TCPCTP/872/2021-C3 തീയതി:07/05/2021**

---

പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭ പരിധിയിലുള്ള തിരുവല്ല വില്ലേജിൽ സർവ്വേ നമ്പർ 218/8-ൽ ഉൾപ്പെട്ട 75450 ച.മീ സ്ഥലത്ത് നിലവിലുള്ള നിർമ്മാണങ്ങൾക്കു പുറമേ Ground floor+ First floor+ Stair case room ഉള്ളതും 403.89 ച.മീ വിസ്തീർണ്ണമുള്ളതുമായ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്, Ground + First നിലകളുള്ളതും 969.90 ച.മീ വിസ്തീർണ്ണമുള്ളതുമായ ചർച്ച് (പുനർ നിർമ്മാണം ) Ground floor, First floor +Second Floor+Stair room ഉള്ളതും 2447.90 ച.മീ വിസ്തീർണ്ണമുള്ളതുമായ ഓഫീസ് ബിൽഡിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ റവ.കെജി. ജോസഫ്, സഭാ സെക്രട്ടറി, മലങ്കര മാർത്തോമാ സിറിയൻ ചർച്ച് ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി DTP Scheme for Stadium and surroundings, Thiruvalla വിശദ നഗരാസൂത്രണ പദ്ധതി പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR - 2019)ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കിയ ശേഷമേ സെക്രട്ടറി കെട്ടിടനിർമ്മാണ അനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019(KMBR -2019)ലെ ചട്ടം 5(4) പ്രകാരം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി,

അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം , ഉടമസ്ഥാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കട്ടിംങ്ങ്/ഫില്ലിംഗ് എന്നിവ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
5. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം ഇന്റേണൽ റോഡുകൾ രൂപീകരിക്കുകയും നിർദ്ദിഷ്ട നിർമ്മാണങ്ങൾക്ക് പ്രസ്തുത റോഡ് അതിർത്തിയിൽ നിന്നും ചട്ട പ്രകാരമുള്ള അകലം ഉണ്ടായിരിക്കുകയും വേണം.
6. പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള കാർ പാർക്കിംഗ് , ടൂ വീലർ പാർക്കിംഗ് ലോഡിംഗ് & അൺ ലോഡിംഗ് ഏരിയ എന്നിവ പൂർണ്ണമായും സജ്ജമാക്കേണ്ടതും പ്രസ്തുത ആവശ്യങ്ങൾക്കായി നിലനിർത്തേണ്ടതും വിവിധ ഉപയോഗങ്ങളിലുള്ള കെട്ടിടങ്ങൾ ഉപയോഗിക്കുന്നവർക്ക് പാർക്കിംഗ് ഏരിയാകൾ സ്വതന്ത്രമായി ഉപയോഗിക്കുവാൻ ലഭ്യമാക്കേണ്ടതുമാണ്.
7. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന നിലവിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശരിയാണെന്നുറപ്പുവരുത്തണം. നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമായിരിക്കണം.
8. പൊളിച്ചു നീക്കുവാണെന്ന് സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ കെട്ടിട നമ്പർ നൽകുന്നതിന് മുമ്പായി പൊളിച്ചു നീക്കേണ്ടതാണ്.
9. അപേക്ഷകന്റേ പ്ലോട്ടിലേക്ക് SCS ജംഗ്ഷനിൽ നിന്നുള്ള പ്രവേശന മാർഗ്ഗത്തിനു പുറമേ മറ്റ് പ്രവേശന മാർഗ്ഗങ്ങളും പരമാവധി ഉപയോഗിക്കുകയും SCS ജംഗ്ഷനിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം പരമാവധി കുറക്കുകയും വേണം .
10. കെ.എം.ബി.ആർ 2019, അദ്ധ്യായം XX ലെ നടപടികൾ ക്രമങ്ങൾ പാലിച്ചുകൊണ്ട് St.Thomas Marthoma Church കെട്ടിടം നഗരസഭാ സെക്രട്ടറി ക്രമവൽക്കരിക്കണം.
11. ചട്ടം 28(1) പ്രകാരമുള്ള 8.00 മീറ്റർ വീതി പ്ലോട്ടിലേക്കുള്ള ഗേറ്റിന് നൽകേണ്ടതും, ചട്ടം 28(8) പ്രകാരം വഴിയുടെ (access) കുറഞ്ഞ clear headroom 5.00 മീറ്ററായിരിക്കണം.
12. നിർമ്മാണങ്ങൾ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR

-2019)-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

13. ഈ ഉത്തരവ് DTP സ്കീം പ്രകാരമുള്ള concurrence മാത്രമാണ്. KMBR 2019 -ലെ ചട്ടങ്ങൾ പാലിച്ചു കൊണ്ടുള്ള ലേ ഔട്ട് അംഗീകാരം /നിർമാണാനുമതി അതാത് തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signature valid
Digitally signed by JAYASREE P R
Date: 2021.05.07 12:09:37 IST
Reason: Approved

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ടൗൺ പ്ലാനർ
പത്തനംതിട്ട തിരുവല്ല നഗരസഭ

പകർപ്പ്:-

1. റവ കെജി.ജോസഫ്, സഭാ സെക്രട്ടറി, മലങ്കര മാർത്തോമാ സിറിയൻ ചർച്ച്, മലങ്കര സഭാ ഓഫീസ്, തിരുവല്ല
2. സെക്രട്ടറി, തിരുവല്ല നഗരസഭ 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ജി.07/05/21